കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വടകര ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി 12-53/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്, കോഴിക്കോട് ജില്ല

ഇ-മെയിൽ -dokkd.ksad@kerala.gov.in

ഫോൺ - 0495 2371012

തീയ്യതി: 22.01.2020.

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

വടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടകര ബ്ലോക്ക് പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 10 മുതൽ 24 വരെയുള്ള ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി 12-53/2020 തിയ്യതി:21.01.2020

## കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.7.2018 മുതൽ 12.12.2019 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ, മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ റിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് | ശ്രീമതി.ഗീത. എം<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.12.2019 മുതൽ 31.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീ.ഗിരീശൻ പാറപ്പൊയിൽ<br>ഓഡിറ്റ് ഓഫീസർ<br>2.ശ്രീ. ജയകുമാർ പാലോളി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3.ശ്രീ.എൻ.രാജീവൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. കോട്ടയിൽ രാധാകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. ജീനാബായ്. കെ | 01.04.2018 മുതൽ 15.09.2018 വരെ |
| | ശ്രീ. കണ്ണൻ. എം. | 15.09.2018 മുതൽ 07.12.2018 വരെ |

| | | |
|---|---|---|
| | (ബി.ഡി.ഒ. / സെക്രട്ടറി ഇൻ ചാർജ്ജ്) | |
| | ശ്രീമതി. ജീനാബായ്. കെ | 07.12.2018 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. യു.കെ. ഉദയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ടി. അബ്ദുൾ അസീസ് | 01.04.2018 മുതൽ 22.06.2018 വരെ |
| | ശ്രീ. അനീഷ് വി. നായർ | 23.06.2018 മുതൽ 10.07.2018 വരെ |
| | ശ്രീ. അരുൺ ജ്യോതി ജെ.ആർ. | 11.07.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. എം. ഉണ്ണികൃഷ്ണൻ | 01.04.2018 മുതൽ 30.07.2018 വരെ |
| | ശ്രീമതി. സ്മിത. (ഡി.ഇ.ഒ. ഇൻ ചാർജ്ജ്) | 01.08.2018 മുതൽ 25.09.2018 വരെ |
| | ശ്രീ. ശ്രീജിത്ത്. പി. | 26.09.2018 മുതൽ 31.03.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. ബി.കെ. ജയശ്രീ. | 01.04.2018 മുതൽ 01.08.2018 വരെ |
| | ശ്രീമതി. സുഷമ. കെ.പി. | 02.08.2018 മുതൽ 31.03.2019 വരെ |
| ശിശുവികസന പദ്ധതി ഓഫീസർ | ശ്രീമതി. ടി.എൻ. ധന്യ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | ഡോ. മോഹനൻ. എം. | 01.04.2018 മുതൽ 03.07.2018 വരെ |
| | ഡോ. ചെറിയാൻ. കെ.ജി. | 03.07.2018 മുതൽ 22.08.2018 വരെ |
| | ഡോ. ഉസ്മാൻ പി.കെ. | 23.08.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. പി.കെ. ഗംഗാധരൻ | 01.04.2018 മുതൽ 08.04.2018 വരെ |
| | ശ്രീമതി. ഷീബ മുല്ലപ്പള്ളി | 09.04.2018 മുതൽ 13.04.2018 വരെ |
| | ശ്രീ. പി.കെ. ഗംഗാധരൻ | 16.04.2018 മുതൽ 30.04.2018 വരെ |
| | ശ്രീ. അഷ്ഹർ. ടി. | 01.05.2018 മുതൽ 01.06.2018 |

| | | |
|---|---|---|
| | | വരെ |
| | ശ്രീ. വിശ്വൻ കോറോത്ത് | 02.06.2018 മുതൽ 31.03.2019 വരെ |

<u>**ഉള്ളടക്കം**</u>


| ക്രമ നമ്പർ | ഭാഗം-1 | പാര നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 1-13 |
| 14 | രശീതി പിരിവ് – അപാകതകൾ | 1-14 |
| 15 | നിയതമായ പ്രക്രിയയുടെ അഭാവം – പദ്ധതികളുടെ ആസൂത്രണം കാര്യക്ഷമമല്ല. | 1-15 |
| 16 | തനത് ആസ്തിയുടെ ആവശ്യങ്ങൾക്ക് റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചു | 1-16 |
| 17 | ബ്ലോക്ക് പഞ്ചായത്തിന്റെ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ നിയമപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതല്ല | 1-17 |
| 18 | സാധനങ്ങളും സേവനങ്ങളും വാങ്ങിയത് – പ്രോക്യുർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചില്ല | 1-18 |
| 19 | ഓർക്കാട്ടേരി സാമൂഹികാരോഗ്യ കേന്ദ്രം സോളാർ പാനൽ സ്ഥാപിക്കൽ – കെ.എസി.ഇ.ബി. ഗ്രിഡിലേക്ക് ഇലക്ട്രിസിറ്റി നൽകിയത് പൂർണ്ണമായും ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നില്ല | 1-19 |
| 20 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-20 |
| 21 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പ്ലോട്ടുകളിൽ നിന്ന് കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച | 1-21 |
| 22 | വനിതാഘടക പദ്ധതികളുടെ രൂപീകരണത്തിൽ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കുന്നില്ല | 1-22 |
| 23 | ഫോട്ടോകോപ്പിയർ വാങ്ങൽ – ലിമിറ്റഡ് ടെൻഡർ വ്യവസ്ഥകൾ പാലിച്ചില്ല | 1-23 |
| 24 | ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനം ഉപയോഗിക്കുന്നതിലെ അപാകതകൾ | 1-24 |
| | | |

| | | |
|---|---|---|
| | ഭാഗം-4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 17.3.2018 തീയതിയിലെ ബി.പി.01/2018-19 തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 11.6.2019 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 13.8.2019 മുതൽ 14.8.2019 വരെ | കെ.എസ്.എ.കെ.കെ.ഡി-ഇ2/1047/19 തീയതി 25.8.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4794899 |
| വരവ് | 37015141 |
| ആകെ | 41810040 |

| | |
|---|---|
| ചെലവ് | 32655825 |
| നീക്കിയിരിപ്പ് | 9154215 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | - | 21688000 | 21688000 | 21688000 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 2207000 | 2207000 | 2207000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 203000 | 203000 | 203000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | - | 2576000 | 2576000 | 2429072 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 0 | 0 | 0 |
| കെ.എൽ.ജി.എസി.ജി.ഡി.പി | | 0 | 0 | 0 | 0 |
| ട്രഷറി ഓൺ ഫണ്ട് -VPFA I,II | | 0 | 0 | 0 | 0 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ് ) | | 9013756 | 7387114 | 3297446 | |
| ലിറ്ററസി | | 0 | 0 | 0 | 0 |
| ശുചിത്വം | | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ജി.എസ് | | 0 | 0 | 0 | 0 |
| മറ്റു വരവുകൾ | | 0 | 0 | 0 | 0 |
| ടി.എസ്.ബി ജോയിന്റ് വെൻചർ | | 282200 | 282200 | 282200 | 0 |
| പി.എം.എ.വൈ | | 111904 | 111904 | 111904 | 0 |
| നിർമ്മൽ പുരസ്കാരം | | 0 | 0 | 0 | 0 |
| തനത് ഫണ്ട് | | 120000 | 120000 | 120000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 67 | 44497763 | 60 | 26527072 | 5 | 2 | 89.55% |

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1- 9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 930/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നില്ല. നിലവിലെ ഓഫീസ് ഉത്തരവ് 2014 ൽ തയ്യാറാക്കിയതാണ്. ഇതിന് ശേഷം ആയതിൽ മാറ്റം വരുത്തിയിട്ടില്ല.
2. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും തയ്യാറാക്കുന്നതിലും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഉദാഹരണം - ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ.
3. വർക്കിംഗ് ഗ്രൂപ്പുകൾ, പ്രോക്യൂവർമെന്റ് കമ്മിറ്റി തുടങ്ങി വിവിധ കമ്മിറ്റികളുടെ മീറ്റിംഗ് മിനുട്സ് എഴുതി പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.9.2018 | 12/17 മുതൽ 31.8.2018 വരെ | 78/DPA.w1./2018/ 05.10.2018 |
| അക്കൗണ്ടന്റ് ജനറൽ | 12.3.2018 | 2012-13 മുതൽ 2016-17 വരെ | LBA.HQ./111/11/8A-7/ 2018-19/1/3.5.2018 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ.കെ.കെ.ഡി.ഇ 2-1047/19 തീയതി 25.8.2019 ഓഡിറ്റ് സാക്ഷ്യപത്രത്തിലെ അപാകതകൾ അതേ പടി നിലനിൽക്കുന്നു. കൂടാതെ താഴെപ്പറയുന്ന അപാകത കൂടി ഓഡിറ്റ് സമയത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.വ്യവസായ എസ്റ്റേറ്റിൽ നിന്നും പിരിച്ചെടുക്കാനുള്ള തുക, 1091583/-രൂപ, ബി-15 ൽ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടില്ല.

## 1-13 ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

17.03.2018 തീയ്യതിയിലാണ് വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചിട്ടുള്ളത്. ബഡ്ജറ്റ് രൂപീകരണ പ്രക്രിയയിൽ പഞ്ചായത്തുകളുടെ ബഡ്ജറ്റ് മാന്വൽ, കേരള പഞ്ചായത്തിരാജ് ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബഡ്ജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കാനായിട്ടില്ല.
2. വിവിധ ഘടക സ്ഥാപനങ്ങളിലെ തലവന്മാരെ വിളിച്ച് ചേർത്ത് പദ്ധതിയിതര ശുപാർശകൾ തേടുന്നതിന് സെക്രട്ടറി മുൻകൈ എടുത്തിട്ടില്ല. വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമക്ഷം സമർപ്പിച്ചിട്ടില്ല.
3. സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

വളരെ കുറച്ച് ചെലവ് ശീർഷകങ്ങൾ മാത്രമെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ ബഡ്ജറ്റ് മാന്വൽ 02.12.2016 തീയ്യതിയിലെ G.O(rt)3291/2016 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ 2018-19 വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കേണ്ടിയിരുന്നത് 1994 ലെ കേരള പഞ്ചായത്ത് രാജ് ചട്ടം -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ എന്നിവക്കനുസരിച്ചായിരുന്നു. ആയത് പാലിക്കപ്പെട്ടിട്ടില്ല. ബജറ്റുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

1. ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് ചട്ടങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.
2. ബജറ്റ് രൂപീകരണ പ്രക്രിയയിലെ വിവിധ ഘട്ടങ്ങളുടെ സമയക്രമപട്ടിക തയ്യാറാക്കി ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതാണ്.
3. ബജറ്റ് ഫങ്ഷൻ, ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.
4. സ്ഥാപനത്തിന്റെ മുഴുവൻ വരവ്/ചെലവ് ശീർഷകങ്ങളും ഉൾപ്പെടുത്തി ബജറ്റ് സമഗ്രമാക്കേണ്ടതാണ്.

# 1-14 രശീതി പിരിവ് - അപാകതകൾ

ഓഡിറ്റ് വർഷം വിവിധ വരവുകളുമായി ബന്ധപ്പെട്ട് രശീതി ഉപയോഗിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓഫീസിൽ നിലവിൽ ഉപയോഗിക്കുന്ന റസീറ്റ് ബുക്ക് (ഇന്ററപ്റ്റഡ് റസീറ്റ്) സ്റ്റോക്കിൽ എടുത്തിരിക്കുന്നത് 25.04.2014 നാണ്. ഈ തീയ്യതി മുതൽ ഓഡിറ്റ് തീയ്യതിവരെയും തുടർച്ചയായി ഉപയോഗിച്ച് വരുകയാണ് ചെയ്യുന്നത്. ഇത് ശരിയായ നടപടിയല്ല. ഓരോ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും ബാക്കി വരുന്ന രശീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ്. ഇത് പാലിച്ചതായി കാണുന്നില്ല.
2. സാംഖ്യയിൽ ജനറേറ്റ് ചെയ്യേണ്ട രശീതികളിൽ വരവ് തുകകൾ പേന ഉപയോഗിച്ച് എഴുതിച്ചേർത്ത- തായി കാണുന്നു.
3. വരവ് രശീതി കൈകാര്യം ചെയ്യുന്നതിന് ഓഫീസ് ഉത്തരവ് പ്രകാരം സെക്ഷനെ ചുമതലപ്പെടുത്തി–യതായി കാണുന്നില്ല.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി രശീതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അജണ്ട വെച്ച് ചർച്ച ചെയ്തതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/18-19/31.12.19) മറുപടി ലഭിച്ചിട്ടില്ല. രശീതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വിശദമായ ഓഫീസ് ഉത്തരവ് പുറപ്പെടുവിപ്പിക്കേണ്ടതും ഇത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-15 നിയതമായ പ്രക്രീയയുടെ അഭാവം -പദ്ധതികളുടെ ആസൂത്രണം കാര്യക്ഷമമല്ല

ചെലവഴിക്കപ്പെടുന്ന പണത്തിന് പരമാവധി പ്രയോജനം ലഭ്യമാകുക, ഏറ്റവും അർഹതപ്പെട്ട ആളുകൾക്കും പ്രവർത്തനങ്ങൾക്കും ഏറ്റവും മുന്തിയ പരിഗണന ലഭിക്കുക എന്നിവ ഉറപ്പുവരുത്തുന്നതിന് പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും എപ്രകാരമായിരിക്കണമെന്ന് ഒമ്പതാം പഞ്ചവത്സര കാലം മുതൽക്ക തന്നെ പ്രാദേശിക സർക്കാറുകൾക്ക് സർക്കാർ കൃത്യമായ നിർദ്ദേശങ്ങൾ നല്കിവരുന്നുണ്ട്. ഈ നിർദ്ദേശങ്ങൾ ഫലപ്രദമായി പിന്തുടർന്നെങ്കിൽ ആസൂത്രണ നിർവ്വഹണ പ്രക്രീയകളുടെ കാര്യക്ഷമത ഫലപ്രാപ്തി എന്നിവ തിരിച്ചറിയാനും കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ ഭാവിയിൽ നടത്താനും സ്ഥാപനങ്ങൾക്ക് കഴിയുന്നതാണ്. എന്നാൽ മേൽ നിർദ്ദേശങ്ങളിലെ അടിസ്ഥാനവസ്തുതകൾ ഉൾക്കൊള്ളാതെ, അതുവഴി അവ പാലിക്കപ്പെടാതെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതുമൂലം, ചെലവഴിക്കപ്പെട്ട പണം ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ സ്ഥാപനത്തിനോ, ഓഡിറ്റ് ഉൾപ്പടേയുള്ള മറ്റ് ഏജൻസികൾക്കോ കഴിയുന്നില്ല. വടകര ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ മേല്പറഞ്ഞ കാര്യങ്ങൾ കൂടാതെ സ്ഥാപനത്തിന് കൈമാറിയ മേഖലകൾ തിരിച്ചറിയാനോ ഇടപെടലുകൾ നടത്താനോ കഴിഞ്ഞില്ലെന്നതും ആസൂത്രണത്തിലെ പ്രധാന വീഴ്ചയാണ്. ഓഡിറ്റ് വർഷത്തിൽ വിവിധ മേഖലകളിലെ ആസൂത്രണ നിർവ്വഹണ പ്രക്രീയകളിലെ അപാകതകളുടെ വിശദാംശം താഴെ കൊടുക്കുന്നു

**<u>ആവശ്യകത തിരിച്ചറിയാതെയുള്ള ആസൂത്രണം</u>**

കാര്യക്ഷമമായ ആസൂത്രണത്തിന്റെ അടിസ്ഥാനം കൃത്യതയുള്ള സ്ഥിതിവിവര കണക്കുകളാണ്. എല്ലാ പദ്ധതിക്കാലത്തുമെന്നതുപോലെ 13 ആം പദ്ധതിക്കാലത്തും കൃത്യമായി ശേഖരിക്കപ്പെടുന്ന സ്ഥിതിവിവര കണക്കുകൾ അടിസ്ഥാനപ്പെടുത്തി എല്ലാ മേഖലയിലും സ്റ്റാററസ് റിപ്പോർട്ടുകൾ തയ്യാറാക്കി, ആവശ്യകത തിരിച്ചറിഞ്ഞ്, ആവശ്യങ്ങൾ നിറവേറ്റേണ്ടതിന്റെ മുൻഗണനാ ക്രമത്തിൽ പദ്ധികൾ ആസൂത്രണം ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (9.1.17 ലെ എം.എസ് 10/17 ത.സ്വ.ഭ.വ., 29.3.17ലെ 72/17 ത. സ്വ.ഭ.വ. നമ്പർ ഉത്തരവുകൾ കാണുക). ആസൂത്രണത്തിന് ഉപയോഗപ്പെടുത്താവുന്ന തരത്തിൽ വിവിധ മേഖലകളിൽ ശേഖരിച്ച് കാലികമാക്കേണ്ട സ്ഥിതിവിവരക്കണക്കുകളുടെ കാര്യത്തിൽ പ്രാദേശിക സർക്കാറുകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഉണ്ടാകാനിടയുള്ള സംശയ ദൂരീകരണത്തിനായി സ്റ്റാററസ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും ശേഖരിക്കപ്പെടേണ്ട വിവരങ്ങൾ എന്തൊക്കയെന്നും വ്യക്തമാക്കുന്ന മാതൃകാ ഫോറങ്ങൾ വിവിധ മേഖലകൾക്കായി കില തയ്യാറാക്കിത്, സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന മേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായി' എന്ന പേരിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകളെ മുന്നിൽ കണ്ടുകൊണ്ട് അവരുടെ ചുമതലകളിലൂന്നിയാണ് തയ്യാറാക്കിയതെങ്കിലും അതേ മാതൃകയിൽ ആവശ്യമായ വിവരങ്ങൾ മാത്രം സ്വീകരിച്ചും പുതുതായി ഉൾപ്പടുത്തേണ്ടവ ഉൾപ്പെടുത്തിയും തയ്യാറാക്കി ഫലപ്രദമായ ആസൂത്രണത്തിന് അടിസ്ഥാനമാക്കാവുന്നതാണ് .

എന്നാൽ ഇത്തരത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യറാക്കാതെയാണ് സ്ഥാപനത്തിന്റെ വികസന രേഖ തയ്യാറാക്കിയതെന്ന് പരിശോധനയിൽ ബോധ്യപ്പെടുന്നു. കാർഷിക മേഖലയുൾപ്പടെ പ്രശ്നങ്ങളെക്കുറിച്ച് വിവരിച്ച് പോന്നതല്ലാതെ മേഖലയെകുറിച്ച് പൂർണ്ണമായ വിവരങ്ങളില്ലാത്ത വികസന രേഖ ആസൂത്രണത്തിന് പര്യപ്തമല്ലെന്ന് ബോധ്യപ്പെടുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ എല്ലാ മേഖലയിലും ആസൂത്രണം ചെയ്ത പദ്ധതികൾ അത്യവശ്യമായതും മുൻഗണനാ ക്രമത്തിലുള്ളതുമാണെന്നും ഉറപ്പുവരുത്താൻ ഇത് മൂലം സാധിച്ചിട്ടില്ല.

**ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളിൽ ഇടപെട്ടത്-ആവശ്യകത ഉയർന്നുവന്നതിന് രേഖകളില്ല**

ആകെ 70 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 24 പ്രൊജക്ടുകൾ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനും 7പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തിന്റെ റോഡുകൾ നിർമ്മിക്കുന്നതിനും/അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ളതാണെന്ന് (ആകെ 31 എണ്ണം) പദ്ധതി ചെലവ് പത്രിക

സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ പ്രൊജക്ടുകൾ തയ്യാറാക്കി നിർവ്വഹിച്ച മേഖലകളിൽ ആവശ്യകത എപ്രകാരം ഉയർന്നുവന്നുവെന്നതിന് രേഖകളില്ല. ചില പ്രൊജക്ടുകളുടെ ആവശ്യകത വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നുവന്നുവെങ്കിലും ഇത് ഏന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഇത് ശാസ്ത്രീയമായ ആസൂത്രണത്തിന്റെ അഭാവം വ്യക്തമാക്കുന്നു. ഓഡിറ്റ് വർഷത്തിൽ ഇത്തരം പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ആകെ ചെലവ് തുകയുടെ 40% നല്കിയിട്ടുണ്ട്. ഇവയുടെ വിനിയോഗവിവരം നാളിതുവരെ ലഭിച്ചിട്ടില്ലായെന്നതും സ്ഥാപനം ഇതാവശ്യപ്പെട്ടിട്ടില്ലായെന്നതും ശ്രദ്ധേയമാണ്. തുക വിനിയോഗിച്ചതായി കാണിക്കുക എന്ന ലക്ഷ്യം മാത്രമാണ് ഇവിടെ സാധിച്ചെടുത്തതെന്നു കാണാം.

**ഒരേ കാര്യത്തിന് ഒന്നിലധികം പ്രൊജക്ടുകൾ**

ഒരേ പ്രൊജക്ട് വീണ്ടും ആവർത്തിച്ചുവന്ന അപൂർവ്വമായ സ്ഥിതിവിശേഷവും സ്ഥാപനത്തിലുണ്ടായിട്ടുണ്ട്. സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ, ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം നല്കിയതും(പ്രൊ നം 33, 83), ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നല്കിയതും(പ്രൊ നം 31, 82) ഇതിന് ഉദാഹരണങ്ങളാണ് . കൂടാതെ, സി.ഡി.പി.ഒ ഓഫീസിലേക്ക് ഫർണ്ണിച്ചറിനായി 4.പ്രൊജക്ടുകൾ(52, 53, 84, 91)തയ്യാറാക്കി നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 13 പ്രൊജക്ടുകൾ നിർവ്വഹിച്ചതും ശ്രദ്ധേയമാണ്. ഇതിൽ 12എണ്ണവും സാധനങ്ങൾ സമാഹരിക്കുന്ന പ്രൊജക്ടുകളായിരുന്നു.

**നിയമപ്രകാരം നിക്ഷിപ്തമായ റോഡ് ആസ്തികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല- നിർവ്വഹിച്ചത് മറ്റ് സ്ഥാപനങ്ങളുടെ റോഡു പ്രവൃത്തികൾ**

94 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ പ്രകാരമുള്ള 4 ആം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും അധികാരങ്ങളും വ്യക്തമാക്കുന്നുണ്ട്. സ്ഥാപനത്തിന്റെ മേഖലാപരമായ ചുമതലകളിൽ, പൊതുമരാമത്ത് മേഖലയിൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലുള്ള വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കേണ്ടത്, ഇത് പ്രകാരം ബ്ലോക്ക് പഞ്ചായത്താണ്. എന്നാൽ 94 -ൽ ആക്ട് നിലവിൽ വന്നതിനുശേഷം നാളിതുവരെ ഒന്നിലധികം ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലൊതുങ്ങുന്ന റോഡുകൾ ഏതൊക്കെയാണെന്നു കണ്ടെത്തുവാനോ, അവ നോട്ടിഫൈ ചെയ്ത് സ്വന്തം ആസ്തികളാക്കി മാറ്റാനോ സ്ഥാപനം തയ്യാറായിട്ടില്ല. ഇത് കൊണ്ട് തന്നെ സ്ഥാപനത്തിന് നിലവിൽ റോഡ് ആസ്തികളില്ല. നിയമം മൂലം നിക്ഷിപ്തമാക്കിയ ആസ്തികൾ ഇപ്രകാരം കൈയ്യൊഴിഞ്ഞത് വീഴ്ചയാണ്. നിലവിൽ ഇത്തരം ആസ്തികളിൽ മിക്കതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണുള്ളതെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

നിയമപ്രകാരം നിക്ഷിപ്തമായ റോഡുകൾ നാളിതുവരെ ആസ്തിയായി സ്വീകരിച്ച് സംരക്ഷിക്കാൻ സ്ഥാപനം തയ്യാറായിട്ടില്ലെങ്കിലും ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകളുടെ റോഡുകൾ ഏറ്റെടുത്ത് നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വൻതുക സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 7 റോഡുകൾക്കായി ആകെ 3418360/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിലെ, ഗ്രാമപഞ്ചായത്തുകളുടെ 6 മീറ്ററിൽ കുറയാത്ത വീതിയിലുള്ള, റോഡുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്താമെന്ന നിർദ്ദേശത്തിന്റെ ചുവടുപിടിച്ചാണ് ഇപ്രകാരം വൻതുക സ്വന്തമല്ലാത്ത റോഡുകൾക്ക് വിനിയോഗിക്കുന്നത്

ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നല്കേണ്ടതും ആസൂത്രണം കുറ്റമറ്റതാക്കാനും, നിയമപരമായ ആസ്തികൾ ആസ്തി രജിസ്റ്ററിൽ സ്വീകരിച്ച് പരിപാലിക്കാനും നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

# 1-16 തനത് ആസ്തിയുടെ ആവശ്യങ്ങൾക്ക് റോഡിതര

# മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചു

റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫണ്ടുപയോഗപ്പെടുത്തി ഓഡിറ്റ് വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും മറ്റ് അറ്റകുറ്റപ്പണികൾക്കുമായി 1246000/- രൂപ വകയിരുത്തി 8 പ്രൊജക്ടുകൾ വിഭാവനം ചെയ്യുകയും 1011395/- രൂപ വിനയോഗിക്കുകയും ചെയ്തിട്ടുണ്ട്. പൊതു ആവശ്യ ഗ്രാന്റിന്റേയും മെയിന്റനൻസ് ഗ്രാന്റിന്റേയും വിനിയോഗം സംബന്ധിച്ച 9.12.2004ലെ എം എസ് 330/2004/LSGD നമ്പർ പ്രകാരമുള്ള മാർഗ്ഗരേഖയിലും, ഇതിനെ തുടർന്ന് പുറപ്പെടുവിച്ച നിരവധി ഉത്തരവുകളിലും സർക്കുലറുകളിലും മേൽ ഫണ്ടുകൾ എപ്രകാരം വിനിയോഗിക്കണമെന്ന് വിശദമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ഇവയുടെ പശ്ചാത്തല സൗകര്യം ഉന്നതനിലവാരത്തിലുയർത്തുന്നതിനുമാണ് റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തേണ്ടതെന്ന് മേൽ നിർദ്ദേശങ്ങൾ വിശദമാക്കുന്നു. കൂടാതെ, തനത് ആസ്തികളായ ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും സംരക്ഷണത്തിനും മേൽ ഗ്രാന്റ് ഉപയോഗിക്കരുതെന്ന് 30.1.2008 ലെ 75326/FM1/ 2007/LSGD നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ തനത് ആസ്തിക്ക് ഫണ്ട് വിനയോഗിച്ചത് മേൽ ഫണ്ടിന്റെ വകമാറ്റലാണ്. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകത റിപ്പോർട്ട് ചെയ്തെങ്കിലും അപാകത ആവർത്തിച്ചത് അംഗീകരിക്കാവുന്നതല്ല. തുക വകമാറ്റി വിനിയോഗിച്ച പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പരും പേരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 71/18-19<br>ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന് നെറ്റ് വർക്ക് സംവിധാനം ഒരുക്കൽ | 200000 | 200000 |
| 2 | 85/18-19<br>ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ശീതീകരണ സംവിധാനം ഒരുക്കൽ | 100000 | 99300 |
| 3 | 86/18-19<br>ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും ഭരണ സമിതി ഹാളിലും കോൺഫറൻസ് ഹാളിലും സിസി ടിവി സംവിധാനം ഒരുക്കൽ | 97766 | 97330 |
| 4 | 88/18-19<br>ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സ്റ്റേജിലേക്ക് മേശ വാങ്ങൽ | 10000 | 3250 |
| 5 | 89/18-19<br>ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ പ്രൊജക്ടർ സംവിധാനം ഒരുക്കൽ | 90000 | 80500 |
| 6 | 70/-18-19<br>ബ്ലോക്ക് ഓഫീസ് അനുബന്ധ കെട്ടിടം അറ്റകുറ്റപ്പണി | 400000 | 272943 |
| 7 | 46/18-19<br>ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിടം ഗ്രൗണ്ട് ഫ്ലോർ മോഡിഫിക്കേഷൻ & മെയിന്റനൻസ് | 106402 | 63426 |
| 8 | 47/18-19<br>ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിടം ഇലക്ട്രിഫിക്കേഷൻ | 241832 | 194646 |
| | ആകെ | 1246000 | 1011395 |

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/31-12-2019) മറുപടി നല്കിയിട്ടില്ല. മറുപടി നൽകേണ്ടതും ഫണ്ട് വകമാറ്റിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്.

# 1-17 ബ്ലോക്ക് പഞ്ചായത്തിന്റെ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ നിയമപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതല്ല

സ്ഥാപനത്തിന്റെ, ഓഡിറ്റ് വർഷത്തെ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ ഭൂരിഭാഗം പ്രവർത്തനങ്ങളും 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 172(1) പ്രകാരമുള്ള നാലാം പട്ടികയിൽ വിശദമാക്കുന്ന പൊതുവായ ചുമതലകളും മേഖലാപരമായ ചുമതലകളും നിറവേറ്റുന്നവയല്ലെന്ന് വ്യക്തമാകുന്നു. കൃഷി, മൃഗസംരക്ഷണം, ചെറുകിട ജലസേചനം, സഹകരണം എന്നീ മേഖലകൾ പൂർണ്ണമായും വാർഷിക പദ്ധതിയിൽ തഴയപ്പെട്ടു. വിശദാംശംതാഴെ കൊടുക്കുന്നു.

<u>പദ്ധതികളിൽ 45% വും ഗ്രാമപഞ്ചായത്ത് ചുമതലയിൽപ്പെടുന്നത്</u>

ആകെ 70 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയതിൽ 24 പദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനും 7 പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ റോഡുകൾ നിർമ്മിക്കുന്നതിനും/അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ളതാണെന്ന് (ആകെ 31 എണ്ണം) പദ്ധതി ചെലവ് പത്രിക സാക്ഷ്യപ്പെടുത്തുന്നു. പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടികയിൽ പ്രതിപാദിക്കുന്ന പൊതുവായ ചുമതലകളിൽ ക്രമ നംപർ 3 പ്രകാരമുള്ള, ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേഡ് ഫോർവേഡ് ലിങ്കേജ് നല്കുകയും ചെയ്യുക എന്ന ചുമതലയുടെ ചുവടുപിടിച്ചാണ് ഇത്രയും പ്രൊജക്ടുകൾ അംഗീകാരം വാങ്ങി നിർവ്വഹിച്ചതെന്ന് കാണാം. നിയമപരമായി ഇത് സാധൂകരിക്കാവുന്നതാണെങ്കിലും സ്ഥാപനത്തിന്റെ മാത്രം ചുമതലയിൽ ഏല്പിച്ചു നല്കിയ മേഖലകളിൽ നിർവ്വഹണസാധ്യത പരിശോധിക്കാതെ മറ്റ് സ്ഥാപനങ്ങളുടെ ചുമതലയിപ്പെടുന്ന കാര്യങ്ങൾക്ക് പ്രാധാന്യം നല്കിയത് നീതീകരിക്കാവുന്നതല്ല. വിവിധ മേഖലകളിൽ സ്ഥാപനത്തിന്റെ ചുമതലകളും ഇടപെടലുകൾ നടത്താത്തതിനാലുണ്ടാകുന്ന പ്രശ്നങ്ങളും താഴെ പറയുന്നു.

<u>കൃഷി</u>

1) ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക

2) ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക

3)കാർഷിക പ്രദർശനങ്ങൽ നടത്തുക

4) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക

5) കാർഷിക വായ്പ സ്വരൂപിക്കുക

6) പട്ടുനൂൽകൃഷി പ്രോത്സാഹിപ്പിക്കുക

മേല്പറഞ്ഞവയാണ് നിയമ പ്രകാരം കാർഷിക മേഖലയിൽ സ്ഥാപനത്തിന്റെ ചുമതലകൾ. ഇതിൽ ക്രമ നമ്പർ 4 പ്രകാരമുള്ളത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹിക്കപ്പെടുമെന്ന് പരിഗണിച്ചാൽ, മറ്റ് മേഖലകൾ പൂർണ്ണമായും തഴയപ്പെട്ടതായി കാണാം. ക്രമ നമ്പർ 1 പ്രകാരമുള്ള ഉത്തരവാദിത്തം നിറവേറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാത്തതിനാൽ, കാർഷിക മേഖലയിലെ ഗ്രാമപഞ്ചായത്ത് പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ലഭിക്കുന്നതിനും അതുവഴി ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള സാധ്യതയില്ലാതാക്കി. ക്രമ നമ്പർ 2 നുള്ള പദ്ധതികളില്ലാത്തത്, മേൽ

ഗുണഭോക്താക്കൾക്ക് അത്യുല്പാദനശേഷിയുള്ള വിത്തുകൾ, ഗുണമേന്മയുള്ള വളം, കീടനാശിനി, ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള മറ്റ് കാർഷിക നിവേശങ്ങൾ എന്നിവ ലഭ്യമാകുന്നതിന് തടസ്സമായി. ഉല്പാദിപ്പിക്കപ്പെടുന്ന കാർഷികോൽപന്നങ്ങൾക്ക് മെച്ചപ്പെട്ട കമ്പോളം ലഭ്യമാകുന്നതിന് ക്രമ നമ്പർ 3 പ്രകാരമുള്ള ഇടപെടലുകളില്ലാത്തതിനാൽ സാധ്യമായില്ല. കാർഷിക മേഖലയെ ഉത്തേജിപ്പിക്കാൻ മറ്റ് രണ്ട് ഇടപെടലുകൾക്കും സാധ്യമാകേ, ഇവ പരിഗണിക്കപ്പെട്ടില്ല.

മേല്പറഞ്ഞ ഉത്തരവാദിത്തങ്ങളെല്ലാം ബ്ലോക്ക് പഞ്ചായത്തിൽ മാത്രം നിക്ഷിപ്തമായതും മറ്റൊരു സ്ഥാപനവും ഇടപെടാത്തതുമാകയാൽ ഇവ നിറവേറ്റപ്പെടാതിരിക്കുന്നതു മൂലമുള്ള നഷ്ടം നികത്തപ്പെടില്ലെന്ന വ്യക്തമാണ്. അപര്യാപ്തമെങ്കിലും സ്ഥാപനം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങളായി ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവും കീടങ്ങളുടെ ആക്രമണവും, തൊഴിലാളികളുടേയും യന്ത്രങ്ങളുടേയും ലഭ്യതയില്ലായ്മയും, കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ശരിയായ സംവിധാനമില്ലാത്തതും പ്രതിപാദിക്കുന്നുണ്ട്. മേല്പറഞ്ഞ പ്രശ്നങ്ങളെല്ലാം സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ട മേഖലയിലാണെന്നിരിക്കെ ഇവ പരിഹരിക്കാതെ മറ്റ് സ്ഥാപനങ്ങളുടെ ചുമതലാ നിർവ്വഹണത്തിന് പ്രാമുഖ്യം കൊടുത്തത് വിശദീകരക്കപ്പെടേണ്ടതാണ്. സ്ഥാപനത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെല്ലാമുള്ള കാർഷിക പ്രൊജക്ടുകളുടെ പൂർണ്ണഫലപ്രാപ്തിയെ, വീഴ്ച പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>മറ്റ് മേഖലകൾ</u>

സ്റ്റാറ്റസ് റിപ്പോർട്ടിൽ കാർഷികമേഖലയിലെ മറ്റൊരു പ്രധാന പ്രശ്നമായി പ്രതിപാദിച്ചിരിക്കുന്നത് ജലദൗർലഭ്യമാണ്. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തിയുള്ള ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് ചെറുകിട ജലസേചന മേഖലയിൽ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമായിരിക്കെ, ജലദൗർലഭ്യത പരിഹരിക്കാൻ ഈ മേഖലയിൽ പദ്ധതികളില്ലാത്തതും വിശദീകരിക്കേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയിൽ വെറ്റിനറി പോളിക്ലിനിക്ക് സ്ഥാപനത്തിനില്ല. ഇവയുടെ നടത്തിപ്പ് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണെങ്കിലും ഇവിടെ പ്രസക്തവുമല്ല. എന്നാൽ ഗ്രാമപഞ്ചായത്തുകളിലെ കർഷകർക്ക് സഹായകമാകുന്ന കന്നുകാലി, കോഴി പ്രദർശനങ്ങൾ നടത്തുകയെന്ന ഉത്തരവാദിത്തം സ്ഥാപനം നിർവ്വഹിക്കാത്തതിനുള്ള കാരണവും വിശദീകരിക്കേണ്ടതാണ്.

പട്ടികജാതി മേഖലയിൽ ഇവർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക, സഹകരണ മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയൽ സഹകരണസംഘങ്ങൾ സംഘടിപ്പിക്കുക, ഇവയെ ശക്തിപ്പെടുത്തുക തുടങ്ങിയ ഉത്തരവാദിത്തങ്ങളെ കുറിച്ച് സ്ഥാപനം പരിഗണനാവിധേയമാക്കിയിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു.

ഓഡിറ്റ് വർഷത്തിൽ ആകെ പദ്ധതികൾക്ക് വകയിരുത്തിയ 4.45 കോടി രൂപയിൽ 1.53 കോടി രൂപയും മേല്പറഞ്ഞ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന കാര്യങ്ങൾക്കായുള്ള 31 പദ്ധതികൾക്കായി വകയിരുത്തിയതാണ്(34.38%). ചെലവു പരിശോധിക്കുമ്പോൾ ആകെ ചെലവിന്റെ 56.98% വും വന്നിരിക്കുന്നത് മേൽ പദ്ധതികൾക്കാണ്. ആകെ 2.65കോടി ചെലവഴിച്ചപ്പോൾ 1.51 കോടി രൂപ ഈ പദ്ധതികൾക്ക് വന്നു. അതായത് മറ്റൊരു ഗ്രാമപഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണമാണ് നടന്നിട്ടുള്ളത് എന്ന് വ്യക്തം . വിവിധ മേഖലകളിൽ ബ്ലോക്ക് പഞ്ചായത്തിനെ ഏല്പിച്ച ചുമതലകൾ നിറവേറ്റുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആസൂത്രണ മാർഗ്ഗരേഖയിലും, സബ്സിഡി മാർഗ്ഗരേഖയിലും പൂർണ്ണമായും പ്രതിപാദിക്കുന്നില്ല (ഇനങ്ങൾ, സബ്സിഡി നിരക്ക് തുടങ്ങിയ കാര്യങ്ങൾ).
എന്നാൽ 29.01.2018 ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.3(2) ൽ ഓരോ തലത്തിലെ പഞ്ചായത്തിലും നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്നും, ചുമതലകൾ നിറവേറ്റുന്നതിനുള്ള പദ്ധതികൾ, അവ ആസൂത്രണ

മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലെങ്കിൽ പോലും ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ഉപാധിയാണ് പദ്ധതിയെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സ്ഥാപനത്തെ ഏല്പിച്ച ഉത്തരവാദിത്തങ്ങൾ പൂർണ്ണമായും തിരസ്കരിച്ചുകൊണ്ട് ആസൂത്രണവും നിർവ്വഹണവും നടത്തിയതിൽ കൃഷി അസി.ഡയറക്ടർ ഉൾപ്പടെയുള്ള നിർവ്വഹണോദ്യോഗസ്ഥർക്കും, ഭരണസമിതിക്കും ഉത്തരവാദിത്തമുണ്ട്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും വീഴ്ചകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്. തുടർവർഷങ്ങളിലെ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ ഏൽപ്പിച്ച ചുമതലകൾ നിറവേറ്റത്തക്ക വിധത്തിലാകുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

# 1-18 സാധനങ്ങളും സേവനങ്ങളും വാങ്ങിയത്- പ്രൊക്വർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചില്ല

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ 66 പദ്ധതികളിൽ 21 എണ്ണവും സാധനങ്ങൾ വാങ്ങുന്നതിനുള്ളതാണ്. ഈ പദ്ധതികൾക്കായി 27.93 ലക്ഷം വകയിരുത്തിയതിൽ 26.24 ലക്ഷം രൂപ ചെലവഴിച്ചു. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ വ്യത്യസ്ത ലക്ഷ്യങ്ങൾ നേടുന്നതിനായിരുന്നു പദ്ധതികൾ. ഇലക്ട്രോണിക് ഉപകരണങ്ങളും ഫർണ്ണിച്ചറുകളും ഉൾപ്പെടെയുള്ള വാങ്ങലുകൾ പി 259/2010/LSGD തീയതി 8.11.2010 നമ്പർ പ്രകാരമുള്ള പ്രാദേശിക സർക്കാറുകൾക്കായി പുറപ്പെടുവിച്ച പ്രൊക്യൂവർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെയാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

വാങ്ങൽ പ്രക്രിയയിലെ സുതാര്യത, സാധനങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരം, ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തിക മെച്ചം തുടങ്ങി, വാങ്ങൽ നടപടിക്രമങ്ങളിൽ ഒരു ഹോളിസ്റ്റിക് സമീപനം ഉറപ്പു വരുത്തുന്ന രീതിശാസ്ത്രമാണ് മാന്വലിൽ പ്രതിപാദിക്കുന്നത്. ഇതിന്റെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്.

1. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്ട് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്(സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ നിയമം അനുശാസിക്കുംവിധം വാർഷിക പദ്ധതിക്ക് DPC അംഗീകാരം വാങ്ങിയാൽ മാത്രമാണ് ഇത് സാധ്യമാകുക. അല്ലാത്ത പക്ഷം DPC അംഗീകാരം ലഭ്യമായ ഉടനെ ആവശ്യം അറിയിക്കേണ്ടതാണ് ).
2. പ്രൊക്യൂവർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി, വാങ്ങുന്ന രീതി(നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) തീരുമാനിക്കേണ്ടതാണ്. തീരുമാനം, അംഗീകരിച്ച പദ്ധതിയിലെ വാങ്ങൽ രീതിയുമായി പൊരുത്തപ്പെടേണ്ടതോ അല്ലാത്ത പക്ഷം മാന്വലിലെ രീതിശാസ്ത്രം അവലംബിക്കുന്നത് സാധ്യമാകും വിധം പദ്ധതിയിൽ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതാണ്)
3. പ്രൊക്യൂവർമെന്റ് കമ്മിറ്റി നിർദ്ദേശിക്കുന്ന രീതിയിൽ(നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) സാധനങ്ങൾ വാങ്ങുന്നതിന്, പ്രൊക്വർമെന്റ് ടീം സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ചെയ്ത് സ്ഥാപനത്തെ തെരഞ്ഞെടുക്കുക, നേരിട്ടുള്ള വാങ്ങലിന്റെ സംഗതിയിൽ സ്ഥാപനവുമായി ബന്ധപ്പെടുക തുടങ്ങിയ നടപടികൾ ഈ ടീം നടത്തുന്നു.
4. പ്രൊക്യൂവർമെന്റ് ടീം തെരഞ്ഞെടുത്ത് നല്കുന്ന സ്ഥാപനത്തിൽ നിന്നും കരാർ വച്ച്, ഓർഡർ നല്കി, സാധനങ്ങൾ സ്വീകരിച്ച്, പേമെന്റ് നടത്തി, പ്രൊജക്ട് നിർവ്വഹണം പൂർത്തീകരിക്കുക എന്ന ജോലി നിർവ്വഹണോദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്
5. നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ വാങ്ങുന്ന സംഗതികളിലൊക്കെ മാന്വലിൽ നിർദ്ദേശിച്ച പ്രകാരം രൂപീകരിക്കുന്ന സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെ സാന്നിധ്യം ഉണ്ടാകേണ്ടതും,വാങ്ങൽ പ്രക്രിയ മുഴുവൻ

ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മേല്പറഞ്ഞ നടപടിക്രമങ്ങളിൽ ഒന്നും പോലും വാങ്ങൽ പ്രക്രിയയിൽ സ്ഥാപനം പാലിച്ചിട്ടില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർ സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിനോ നേരിട്ട വാങ്ങുന്ന സംഗതിയിൽ സ്ഥാപനത്തെ സമീപിക്കുന്നതിനോ അനുമതി നല്കുക, ടെണ്ടർ അംഗീകരിക്കുക എന്നീ പ്രക്രിയകൾ പ്രൊക്യൂവർമെന്റ് ചെയ്യുന്നതായാണ് മിനിട്സ് വ്യക്തമാക്കുന്നത്. മാനുലിന്റെ അന്തസത്തയുമായി നേരിട്ട് ബന്ധമില്ലാത്ത ഈ പ്രവർത്തനം ഒഴിച്ചാൽ വാങ്ങൽ പ്രക്രിയയിൽ സുതാര്യത, സാമ്പത്തികമെച്ചം, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുന്നതിന് സ്ഥാപനം ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് ചില പ്രൊജക്ടുകളുടെ കാര്യത്തിൽ താഴെ കൊടുത്ത അപാകതകൾക്കിടയാക്കി

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നമ്പരും പേരും | വാങ്ങിയ ഉപകരണം/ സേവനം, എണ്ണം | നല്കിയ തുക | വാങ്ങിയ സ്ഥാപനം | അപാകത |
|---|---|---|---|---|---|---|
| 1 | സി.ഡി.പി.ഒ. | 33/18-19- ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്ര വാഹന വിതരണം | Hero Maesro M.cycle 5 എണ്ണം @74000/- | 370000 | volkar motors kannur | 1) ക്രമ നം. 1, 2 പ്രകാരമുള്ള പദ്ധതികൾക്ക് ഒരേ വാഹനം വ്യത്യസ്ത നിരക്കുകളിൽ വാങ്ങിയതിനാൽ ക്രമ നം 1ന്റെ കാര്യത്തിൽ 10000/- രൂപയുടെ നഷ്ടം സ്ഥാപനത്തി-നുണ്ടായി.<br>2)ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തിക മെച്ചം ഉറപ്പുവരുത്താനായില്ല (ക്രമ നം 3, 4 എന്നിവയുടെ കാര്യത്തിൽ പ്രത്യേകിച്ച്)<br>3)വ്യത്യസ്ത ടെണ്ടർ നടത്തിയതിനാൽ പരസ്യ യിനത്തിലെ അധികച്ചെലവ്, സമയനഷ്ടം എന്നിവയ്ക്കിടയാക്കി |
| 2 | ഡി ഡി പി ഒ | 83/18-19 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്രവാഹനം വാങ്ങിനൽകൽ | Hero Maesro m.cycle- 1 എണ്ണം | 72000 | Ace motors vatakara | |
| 3 | സെക്രട്ടറി | 11/19 ഭരണസമിതി ഹാളിൽ എയർകണ്ടീഷൻ സ്ഥാപിക്കൽ | Lloyd 2 tr 3 star AC- 2 എണ്ണം @48700/- | 97400 | VS Cool vatakara | |
| 4 | സെക്രട്ടറി | 85/19 ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ശീതീകരണ സംവിധാനം ഒരുക്കൽ | Godrej 1.5 tr -3 എണ്ണം @33100/- | 99300 | Asim Design &Interier, Olavanna | |

മാനുലിലെ നിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലനം മേല്പറഞ്ഞ വാങ്ങലുകളുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച അപാകതകൾക്കിടയാക്കി. മേല്പറഞ്ഞവയല്ലാതെ മറ്റ് 17 പദ്ധതികളിൽ മിക്കവയുടേയും കാര്യത്തിൽ സമാന സ്വഭാവമുള്ള സാധനങ്ങൾ വ്യത്യസ്ത നടപടികളിലൂടെ വാങ്ങുന്നതുൾപ്പടെയുള്ള അപാകതകളുണ്ടാക്കി. പരമപ്രധാനമായ സുതാര്യതയും, സാമ്പത്തികമെച്ചവും വാങ്ങലുകളിൽ ഉറപ്പുവരുത്താൻ കഴിഞ്ഞില്ല എന്നതു കൂടാതെ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലും സ്ഥാപനം പരാജയപ്പെട്ടു. മേല്പറഞ്ഞ ഉപകരണങ്ങളൊന്നും തന്നെ, പ്രത്യേകിച്ച് ഇലക്ട്രോണിക് ഉപകരണങ്ങൾ സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും തന്നെ പരിശോധിച്ചിട്ടില്ല എന്ന വീഴ്ചയും ഇവിടെ സംഭവിച്ചിട്ടുണ്ട്.

**3)ഇലക്ട്രോണിക ഉപകരണങ്ങളുടെ വാങ്ങൾ-കേന്ദ്രീകൃത പ്രൊക്യൂവർമെന്റ് പോർട്ടലിലൂടെയല്ല**

ഇലക്ട്രോണിക ഉപകരണങ്ങളുടെ വാങ്ങൾ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രത്യേകം തയ്യാറാക്കിയ കേന്ദ്രീകൃത പ്രൊക്യൂവർമെന്റ് പോർട്ടലിലൂടെയായിരിക്കണമെന്ന് 18.11.2017ലെ എം എസ് നം 24/2017/ITD നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. വിവിധ സ്ഥാപനങ്ങൾ ഇത്തരം ഉപകരണങ്ങൾ വാങ്ങുമ്പോഴുള്ള ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ കുറക്കുക, ഒന്നിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തിക മെച്ചം ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ഉറപ്പാക്കുന്നതിന് സർക്കാർ തന്നെ കെൽട്രോൺ മുഖേന ടെണ്ടർ നടത്തിയാണ് കുറഞ്ഞ വിലയിൽ മേൽ പോർട്ടൽ വഴി ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. വളരെ ലളിതമായും കുറഞ്ഞ വിലയിലും കമ്പ്യൂട്ടറുകളടക്കമുള്ള ഉപകരണങ്ങൾ പോർട്ടൽ വഴി ലഭ്യമാകേ, ഇത് പ്രൊക്യൂവർമെന്റ് കമ്മിറ്റി ഉപയോഗപ്പെടുത്താത്തത് വിശദീകരിക്കപ്പെടേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും വരുംവർഷങ്ങളിലെ വാങ്ങലുകൾ മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാകേണ്ടതുമാണ്.

# 1-19 ഓർക്കാട്ടേരി സാമൂഹികാരോഗ്യകേന്ദ്രം സോളാർ പാനൽ സ്ഥാപിക്കൽ -കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് ഇലക്ട്രിസിറ്റി നൽകിയത് പൂർണ്ണമായും ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നില്ല.

2017-18 വർഷത്തിൽ 1899500/-രൂപ വകയിരുത്തി നടപ്പാക്കിയ ഓർക്കാട്ടേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ പ്രോജക്ട് സ്പിൽ ഓവർ പദ്ധതിയായി ഓഡിറ്റ് വർഷത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. 10-10-2018 മുതൽ കെ.എസ്.ഇ.ബി സ്ഥാപനത്തിൽ സോളാർ മീറ്റർ ഫിറ്റ് ചെയ്യുകയും സോളാർ പാനലിൽ നിന്ന് ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതി എത്രയൂണിറ്റാണ് എന്ന് കണക്കാക്കിവരികയും ചെയ്തുവരുന്നുണ്ട്. കെ.എസ്.ഇ.ബിയുടെ 6-4-2019 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 4/2019 ലെ കൺസ്യൂമർ നമ്പർ 1166262010018 കണക്ഷനിലൂടെ import ചെയ്ത വൈദ്യുതി യൂണിറ്റ് 1126 ഉം export ചെയ്ത വൈദ്യുതി യൂണിറ്റ് 1781 ഉം ആണ്. പ്രസ്തുത കൺസ്യൂമർ നമ്പർ പ്രകാരമുള്ള ബില്ലിൽ നിലവിൽ തുക ഒന്നും അടവാക്കുന്നില്ലെങ്കിലും 4/2019 ലെ ഉപയോഗം 1126 യൂണിറ്റും കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് നൽകിയത് 1781 യൂണിറ്റും ആയിരിക്കെ പ്രസ്തുത മാസത്തിൽ തന്നെ 655 യൂണിറ്റ് വൈദ്യുതിയുടെ വില സി.എച്ച്.സിക്ക് കെ.എസ്.ഇ.ബിയിൽ നിന്നും ലഭിക്കേണ്ടതായുണ്ട്. ആ നിലക്ക് മീറ്റർ സ്ഥാപിച്ച തീയ്യതി മുതൽ ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതി യൂണിറ്റിന്റെ വില കണക്കാക്കി സി.എച്ച് .സിക്ക് ലഭിക്കേണ്ടതായുണ്ട് . ഇലക്ട്രിസിറ്റി ഗ്രിഡിലേക്ക് നൽകുന്ന പവറിന് ഏത് നിരക്കാണ് ബാധകം എന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി ഉണ്ടാക്കിയ കരാറും ഈ ഇനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല .

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ (അഗ്രികൾച്ചർ), സി.ഡി.പി.ഒ എന്നിവർ നടപ്പിലാക്കിയ പദ്ധതികളിൽ വിവിധ ഏജൻസികൾക്ക് കൈമാറിയ താഴെ പറയുന്ന തുകകളുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | പ്രോജക്ട് നമ്പരും പേരും | ബിൽ നം/ തുക | നൽകിയത് |
|---|---|---|---|
| സെക്രട്ടറി | 32/18-19<br>സുജലം -നടക്ക് താഴെ ചോറോട് (എൻ.സി.കനാൽ) ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യൽ | 13/11.7.18<br>തുക-10,00,000/- | കോഴിക്കോട് മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 15/18-19<br>ഏറാമല ഗ്രാമപഞ്ചായത്തിന് കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിന് ബ്ളോക്ക് വിഹിതം നൽകൽ | 25/23.8.18<br>തുക-14,00,000/-<br>38/30.11.18<br>തുക-7,00,000/- | ഏറാമല ഗ്രാമപഞ്ചായത്ത്സെക്രട്ടറിക്ക കൈമാറി |
| | 10/18-19<br>തെളിനീർ കുടിനീർ- അഴിയൂർ ഏറാമല ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറൽ | 18/21.7.18<br>തുക-8,00,000/-<br>35/27.10.18<br>തുക-8,00,000/- | അഴിയൂർ ഗ്രാമപഞ്ചായത്തിന് കൈമാറി.<br>ഏറാമല ഗ്രാമപഞ്ചായത്തിന് കൈമാറി. |
| | 26/18-19<br>അഴിയൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 5ലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ. | 16/21.7.18<br>തുക-39,000/- | അഴിയൂർ ഗ്രാമപഞ്ചാ യത്തിന് കൈമാറി |
| | 79/18-19<br>പി.എം.എ.വൈ/ ലൈഫ് പദ്ധതി പഞ്ചായത്തിന് വിഹിതം നൽകൽ | 34/27.10.18<br>തുക-4,00,000/- | ഏറാമല ഗ്രാമപഞ്ചായത്തിന് കൈമാറി. |
| | 24/18-19<br>പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)- ലൈഫ് ഭവന പദ്ധതി പൂർത്തീകരണം | 1/21.7.18<br>തുക-30,00,000/-<br>30/18-9-18<br>തുക-10,34,250/-<br>40/28-12-18<br>തുക-5,76,924/- | ചോറോട്-1100000<br>അഴിയൂർ-100000<br>ഏറാമല-1700000<br>ഒഞ്ചിയം-100000<br>അഴിയൂർ-636177<br>ഏറാമല-144708 |

| | | | |
|---|---|---|---|
| | | 50/15-3-19<br>തുക-1,23,813 | ഒഞ്ചിയം-253365<br>ചോറോട്-44379<br>അഴിയൂർ-105278<br>ഏറാമല-376734<br>ഒഞ്ചിയം-50533<br>ചോറോട്-30727<br>അഴിയൂർ-22594<br>ഏറാമല-59647<br>ഒഞ്ചിയം-10845 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13/18-19<br>ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 1/19-11-18<br>തുക-10,00,000/- | ചോറോട്-250000<br>അഴിയൂർ-30000<br>ഏറാമല-600000<br>ഒഞ്ചിയം-120000 |
| | 14/18-19<br>വനിതാ ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 2/19.11.18<br>തുക-10,00,000/- | ചോറോട്- 200000<br>ഏറാമല-550000<br>ഒഞ്ചിയം-250000 |
| അസിസ്റ്റന്റ് ഡയറക്ടർ അഗ്രികൾച്ചർ | 40/18-19<br>നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 1/27.10.18<br>തുക-81,600/-<br>(ബിൽതുക-127500/-) | ഏറാമല ഗ്രാമ പഞ്ചായത്തിന് നൽകിയ -127500/- രൂപയിൽ<br>45900/-രൂപയുടെ വിനിയോഗം ലഭ്യമാക്കി |
| സി.ഡി.പി.ഒ | 31/18-19<br>ഭിന്നശേഷിക്കാരായ കുട്ടി കൾക്ക് സ്കോളർഷിപ്പ് | 6/31.12.18<br>തുക-4,00,000/- | ഏറാമല-100000<br>ചോറോട്-100000<br>അഴിയൂർ-100000<br>ഒഞ്ചിയം-100000 |
| | 82/18-19<br>ഭിന്നശേഷിക്കാരായ കുട്ടി കൾക്ക് സ്കോളർഷിപ്പ് | 8/31-12-18<br>തുക-4,00,000/- | ഏറാമല-100000<br>ചോറോട്-100000<br>അഴിയൂർ-100000<br>ഒഞ്ചിയം-100000 |
| ആകെ | | 1,27,55,587/- | |

തൻ വർഷം നടപ്പിലാക്കിയ 66 പ്രോജക്ടുകളിൽ മേൽ കാണിച്ച 11 പ്രോജക്ടുകളിലായാണ് ഓഡിറ്റ് വർഷത്തെ ആകെ ചെലവിന്റെ 40% വരുന്ന തുകയും മറ്റ് ഏജൻസികൾക്ക് കൈമാറിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ മേൽ തുകകളുടെ വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യപ്പെട്ടിട്ടില്ല. ഇത് കാരണം ബ്ലോക്ക് പഞ്ചായത്ത് ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നൽകിയ തുകകൾ സമയബന്ധിതമായി വിനിയോഗിക്കപ്പെടുകയോ മേൽ പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നത് വ്യക്തമല്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടില്ല എന്ന് വ്യക്തമാക്കുന്നു. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയാസമയങ്ങളിൽ മോണിറ്റർ ചെയ്ത് ആവശ്യമായ പരിഹാര നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായും കാണുന്നില്ല. മറ്റ് ഏജൻസികൾക്ക് കൈമാറുന്ന തുകയുടെ വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും, മേൽ തുകകളുടെ വിനിയോഗവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പ്ലോട്ടുകളിൽ നിന്ന് കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 22 പ്ലോട്ടുകളിൽ നിന്ന് 1091583/- രൂപ ലഭിക്കുവാനുണ്ട്. ഇതിൽ മൂന്ന് പ്ലോട്ടിലെ കൈവശക്കാർ മുഴുവർ തുകയും അടച്ചിട്ടുണ്ട്. ബാക്കിവരുന്ന പ്ലോട്ടുകളിലെ കൈവശക്കാർ തുക അടവാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധന നടത്തിയതായോ, നടപടി സ്വീകരിച്ചതായോ കാണുന്നില്ല. കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/18-19/31.12.19) മറുപടി നൽകിയിട്ടില്ല. കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 വനിതാഘടക പദ്ധതികളുടെ രൂപീകരണത്തിൽ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കുന്നില്ല

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതികൾക്കായി വകയിരുത്തേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും, വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. മേൽ പ്രോജക്ടുകൾക്കുള്ള പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.01.2018 ഖണ്ഡിക 6.3 വ്യക്തമാക്കിയിട്ടുണ്ട്. കക്കൂസ് നിർമ്മാണം, കുടിവെള്ളം ലഭ്യമാക്കൽ, വീട് വൈദ്യുതീകരണം, അങ്കണവാടി കെട്ടിട നിർമ്മാണം, അങ്കണവാടി പോഷകാഹാരം മുതലായവയും സമാന സ്വഭാവമുള്ളവയും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ലെന്ന് മേൽ ഖണ്ഡിക 6.3(10)iii ൽ സ്പഷ്ടീകരണമായി നല്കിയിട്ടുണ്ട്. അതുപോലെ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. തൻവർഷം ബ്ലോക്ക്പഞ്ചായത്ത് വനിതാ ഘടക പദ്ധതിയായി നടപ്പിലാക്കിയ വനിതാ ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് (പ്രോജക്ട് 14/18-19, അടങ്കൽ-1000000/-, നിർവ്വഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ) പദ്ധതി വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടാണ്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ മേൽ പദ്ധതി വനിതാ ഘടകപദ്ധതി കൊണ്ടുദ്ദേശിച്ച യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതായിരുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 1-23 ഫോട്ടോകോപ്പിയർ വാങ്ങൽ – ലിമിറ്റഡ് ടെൺഡർ

വ്യവസ്ഥകൾ പാലിച്ചില്ല.

സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ ഫോട്ടോകോപ്പിയർ വാങ്ങൽ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നംപർ | 53/19 |
| അടങ്കൽ | 80000/-രൂപ |
| ഫണ്ട് ഇനം | മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) |
| ചെലവ് | 46610/-രൂപ |
| ബിൽ നം. & തീയതി | 2/19/26.6.18 |

സി.ഡി.പി.ഒ. ഓഫീസിലേക്ക് ഫോട്ടോകോപ്പിയർ വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലിമിറ്റഡ് ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ജി.ഒ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച പ്രാദേശിക സർക്കാരുകൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയനുസരിച്ച് 8 മുതൽ 10 വരെ വിതരണക്കാരിൽ നിന്ന് മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചാണ് വാങ്ങൽ നടത്തേണ്ടിയിരുന്നത്. എന്നാൽ ഇതിന് പകരം മൂന്ന് വിതരണക്കാരിൽ നിന്ന് മാത്രമേ ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടുള്ളൂ.
2. പദ്ധതിയുമായി ബന്ധപ്പട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/18-19/31.12.19) മറുപടി നൽകിയിട്ടില്ല. ലിമിറ്റഡ് ടെൻഡർ വ്യവസ്ഥകൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-24 ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനം ഉപയോഗിക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനം ഉപയോഗവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലോഗ് ബുക്ക് എഴുതി പൂർത്തിയാക്കിയില്ല. വാഹനത്തിന്റെ ലോഗ് ബുക്ക് 6.12.2019 വരെ മാത്രമേ എഴുതിയിട്ടുള്ളൂ. ഇതിന് ശേഷം രജിസ്റ്റർ എഴുതി പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാഹനം ഓട്ടം തുടങ്ങുമ്പോഴും, ഓട്ടം പൂർത്തിയാക്കുമ്പോഴും എഴുതേണ്ട ലോഗ് ബുക്ക് എഴുതി പൂർത്തിയാക്കാത്തത് ശരിയായ നടപടിയല്ല.
2. വാഹനത്തിന്റെ (KL-18 U6554) ഇൻഷ്വറൻസ് കാലാവധി 16.01.2019 ന് അവസാനിച്ചു. പിന്നീട് ഇൻഷ്വറൻസ് പുതുക്കിയത് 15.03.2019 നാണ്. ( vr.no.31800069/ch.no.2627276) ഇൻഷ്വറൻസ് പുതുക്കുന്നതിലെ വീഴ്ച വിശദീകരിക്കേണ്ടതാണ്.
3. ഓഡിറ്റ് വർഷം വാഹനത്തിന്റെ റിപ്പയർ രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല.

അപാകതകൽക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/18-19/ 31.12.19) മറുപടി നൽകിയിട്ടില്ല. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് ജി.ഒ.(എം.എസ്)170/07/ ത.സ്വ.ഭ.വ. തീയതി 30.06.2007 പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടിനുള്ള ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്ക് വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 8 | 2004-05 | II 3-1 | ഒഞ്ചിയം റൂറൽ സാനിറ്ററി മാർട്ട് | റിപ്പോർട്ട് സമർപ്പിച്ചു |
| 2003-04 | 3(3) | 2005-06 | 70(4) | ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തിയാകാത്തത് | ഭവന നിർമ്മാണം പൂർത്തിയായതാണ്. റിപ്പോർട്ട് സമർപ്പിച്ചു. |
| 2003-04 | 3(4) | 2005-06 | 70(4) | ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തിയാകാത്തത് | ഭവന നിർമ്മാണം പൂർത്തിയായതാണ്. റിപ്പോർട്ട് സമർപ്പിച്ചു. |
| 2003-04 | 3(1) | 2005-06 | 70(1) | വനിതാ വ്യവസായ എസ്റ്റേറ്റ് | മറുപടി സമർപ്പിച്ചു. |
| 2003- | 3(7) | 2005-06 | 70(3) | പട്ടികജാതി വനിതകൾക്ക് | മറുപടി സമർപ്പിച്ചു. |

| | | | | | |
|---|---|---|---|---|---|
| 04 | | | | ഇലക്ട്രോണിക്സ് പരിശീലനം | |
| 2013-14 | 3(7) | 2013-14 | 5.3.5(13)(4) | അഴിയൂർ മിനി വ്യവസായ എസ്റ്റേറ്റ് | മറുപടി സമർപ്പിച്ചു. |

# 4-8 ചാർജ്/സർചാർജ്

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**<u>എ) സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41810040 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32655825 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12755587 |

**<u>ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖ. നം. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 6573987 | ശ്രീമതി.ജീനാഭായ്.കെ (സെക്രട്ടറി) |
| ടി | 3300000 | ശ്രീ.കണ്ണൻ.എം (സെക്രട്ടറി) |
| ടി | 2000000 | ശ്രീ.ശ്രീജിത്ത്.പി (ഡി.ഇ.ഒ) |
| ടി | 81600 | ശ്രീമതി.സുഷമ.കെ.പി (എ.ഡി.എ) |
| ടി | 800000 | ശ്രീമതി.ധന്യ.ടി.എൻ. |

| | | (സി.ഡി.പി.ഒ) |
|---|---|---|

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും, സ്ഥിരം മേൽവിലാസവും**

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജീനാഭായ്.കെ (സെക്രട്ടറി) | സെക്രട്ടറി.റിട്ട. | അശ്വതി.<br>കോമത്താം കണ്ടിയിൽ (വീട്)<br>ചോറോട് (പി.ഒ),<br>വടകര |
| ശ്രീ.കണ്ണൻ.എം<br>(സെക്രട്ടറി ഇൻ ചാർജ്) | ജോയിന്റ് ബി.ഡി.ഒ.<br>വടകര ബ്ലോക്ക് | മണിയിൽ പറമ്പിൽ (വീട്)<br>എരിമയൂർ.പി.ഒ<br>പാലക്കാട് ജില്ല |
| ശ്രീ.ശ്രീജിത്ത്.പി<br>(ഡി.ഇ.ഒ) | | പാലാക്കാട്ടിൽ.(വീട്)<br>ഈരാറ്റുപേട്ട, കോട്ടയം |
| ശ്രീമതി.സുഷമ.കെ.പി<br>(എ.ഡി.എ) | | പ്രണതി,<br>അഴിയൂർ.പിഒ<br>വടകര |
| ശ്രീമതി.ധന്യ.ടി.എൻ<br>(സി.ഡി.പി.ഒ) | | തെക്കേ നമ്പാറത്ത്.<br>മേലൂർ.പി.ഒ,<br>കൊയിലാണ്ടി. |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(2) തീയതി 26.5.2018 | 1<br>8 | നിയമ സഭാ സമിതി മുമ്പാകെ – 1 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(3) തീയതി 26.5.2018 | 6<br>1(3), 1(4)30, 3(3), 3(4), 3(7) | നിയമസഭാ സമിതി മുമ്പാകെ - 6 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(4) തീയതി 26.5.2018 | 1<br>3(3) | - |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(5) തീയതി 26.5.2018 | 1<br>3(2) | - |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(7) തീയതി 26.5.2018 | 1<br>3(11) | - |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(10) തീയതി 26.5.2018 | 2<br>3(3), 37(3) | - |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(11) തീയതി 26.5.2018 | 7<br>3-2-(4), 3-3(5), 3-6, 3-9, 3-10, 3-17. | - |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(12) തീയതി 26.5.2018 | 4<br>3-1, 3-2, 3-7, 3-8 | നിയമസഭാ സമിതി മുമ്പാകെ - 1 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.7/580/2018(13) തീയതി 26.5.2018 | 6<br>3-1, 3-4, 3-9, 3-10, 3-11, 3-14. | - |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.7/1761/2018തീയതി.15.10.2018 | 10<br>1-12, 2-3, 3-1(1), 3-2, 3-5, 3-6, 3-8, 3-10, 3-11, 3-12. | - |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം.1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി.പി12-53/2020 തീയതി-22.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും 22.05.18 ലെ (സാ.ധാ)1413/18 ത.സ്വ.ഭ.വ നം. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2018 –19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്